**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1763** **31-08-2022 - ൽ മറുപടിയ്ക്ക്**

**സോഷ്യൽ സെക്യൂരിറ്റി മിഷൻ**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</td><td colspan="2">ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>2021-2022 കാലയളവിൽ വടക്കാഞ്ചേരി മണ്ഡലത്തിൽ സോഷ്യൽ സെക്യൂരിറ്റി മിഷൻ വഴി നൽകുന്ന ചികിത്സാ സഹായത്തിനായി ലഭിച്ച അപേക്ഷകളുടെയും ഇവയിൽ അനുവദിക്കപ്പെട്ട ധനസഹായം സംബന്ധിച്ച വിശദാംശവും പഞ്ചായത്ത്/ മുനിസിപ്പാലിറ്റി അടിസ്ഥാനത്തിൽ പട്ടികപ്പെടുത്തി ലഭ്യമാക്കാമോ;</td><td>(എ)</td><td>2021-22 കാലയളവിൽ കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കി വരുന്ന ചികിത്സാ പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.</td></tr>
<tr><td>(ബി)</td><td>2016-2021 കാലയളവിൽ വടക്കാഞ്ചേരി മണ്ഡലത്തിൽ സാമൂഹ്യമായി പിന്നോക്കം നിൽക്കുന്ന മിശ്രവിവാഹിതരായ ദമ്പതികൾക്ക് വിതരണം ചെയ്ത സാമ്പത്തിക സഹായം സംബന്ധിച്ച കണക്കുകൾ പട്ടികപ്പെടുത്തി ലഭ്യമാക്കാമോ?</td><td>(ബി)</td><td>പട്ടിക ജാതി/ പട്ടിക വർഗ്ഗ വിഭാഗങ്ങൾ ഒഴികെ മിശ്രവിവാഹം ചെയ്തത് കാരണം സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്ന ദമ്പതിമാർക്ക് ധനസഹായം നൽകുന്നതിനായി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതിയാണ് മിശ്രവിവാഹ ധനസഹായ പദ്ധതി. 30,000/- രൂപയാണ് ധനസഹായത്തുക. അതാത് ബ്ലോക്ക് പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ മുഖേന തുക ഗുണഭോക്താക്കൾക്ക് നൽകി വരുന്നു. മിശ്രവിവാഹ ധനസഹായത്തുക മണ്ഡലാടിസ്ഥാനത്തിൽ വിതരണം ചെയ്തു വരുന്നില്ല. ആയതിനാൽ, വടക്കാഞ്ചേരി മണ്ഡലം ഉൾപ്പെടുന്ന തൃശ്ശൂർ മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ബ്ലോക്ക് പഞ്ചായത്തുകൾ എന്നിവ മുഖേന 2016 മുതൽ 2021 വരെ മിശ്രവിവാഹ ധനസഹായമായി വിതരണം ചെയ്ത തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു. പ്രസ്തുത തുക 2015 വരെ അപേക്ഷ സമർപ്പിച്ച അപേക്ഷകർക്ക് വിതരണം ചെയ്തതാണ്.<br><br>ജില്ല: തൃശ്ശൂർ<br><br>
<table>
<tr><th>വർഷം</th><th>ബ്ലോക്ക് പഞ്ചായത്ത്</th><th>മുനിസിപ്പാലിറ്റി</th><th>കോർപ്പറേഷൻ</th></tr>
<tr><td>2016-17</td><td>0</td><td>0</td><td>0</td></tr>
<tr><td>2017-18</td><td>39,00,000</td><td>8,70,000</td><td>0</td></tr>
</table></td></tr>
</table>

| | | | | | | |
|---|---|---|---|---|---|---|
| | | | 2018-19 | 0 | 60,000 | 4,50,000 |
| | | | 2019-20 | 7,20,000 | 60,000 | 90,000 |
| | | | 2020-21 | 6,00,000 | 1,50,000 | 1,20,000 |
| | | | 2021-22 | 3,00,000 | 1,20,000 | 60,000 |
| | | | ആകെ | 55,20,000/- | 12,60,000/- | 7,20,000/- |

സെക്ഷൻ ഓഫീസർ

# <u>അനുബന്ധം</u>

2021-22 കാലയളവിൽ കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന ചുവടെ പറയുന്ന ചികിത്സാ പദ്ധതികൾ നടപ്പിലാക്കി വരുന്നു,

| ക്രമ നം | പദ്ധതിയുടെ പേര് | പഞ്ചായത്ത്/മുനിസിപ്പാലിറ്റി | അനുവദിച്ച ധനസഹായം |
|---|---|---|---|
| 1 | ശ്രുതിതരംഗം പദ്ധതി (ശ്രുതിതരംഗം പദ്ധതിയ്ക്കായി 2021-22 കാലയളവിൽ വടക്കാഞ്ചേരി മണ്ഡലത്തിൽ നിന്നും 4 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.) | അടാട്ട് - 2<br>കോലാഴി - 1<br>തെക്കുംകര - 1 | 17,16,872/- രൂപ |
| 2 | മെയിന്റനൻസ് പദ്ധതി (മെയിന്റനൻസ് പദ്ധതിയ്ക്കായി 2021-22 കാലയളവിൽ വടക്കാഞ്ചേരി മണ്ഡലത്തിൽ നിന്നും 6 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.) | തെക്കുംകര - 5<br>അടാട്ട് - 1 | 1,84,554/- രൂപ |
| 3 | വീകെയർ പദ്ധതി | വീകെയർ പദ്ധതിയ്ക്ക് ലഭിച്ച അപേക്ഷകളുടെ നിയോജക മണ്ഡലങ്ങൾ തിരിച്ചുള്ള കണക്കുകൾ ക്രോഡീകരിച്ചിട്ടില്ല . എന്നാൽ തൃശ്ശൂർ ജില്ലയിൽ നിന്നും ആകെ 134 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ 22 അപേക്ഷകർക്ക് ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ട്. | 64,85,313/- രൂപ |
| 4 | ജുവനൈൽ ഡയബറ്റീസ് ബാധിച്ച കുട്ടികൾക്കുള്ള സാമൂഹ്യ സഹായ പദ്ധതി (മിഠായി) | മിഠായി പദ്ധതിയ്ക്കായി ലഭിച്ച അപേക്ഷകളുടെ നിയോജക മണ്ഡലങ്ങൾ തിരിച്ചുള്ള കണക്കുകൾ ക്രോഡീകരിച്ചിട്ടില്ല . എന്നാൽ തൃശ്ശൂർ ജില്ലയിൽ നിന്നും ആകെ 160 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ 103 അപേക്ഷകർക്ക് ചികിത്സാ ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ട്. | പ്രസ്തുത പദ്ധതിയിലൂടെ ചികിത്സയ്ക്കായുള്ള മരുന്നുകളും ഉപകരണങ്ങളും ആണ് നൽകി വരുന്നത്. |